Join Now: https://join.hsslive.in/group Downloaded from www.Hsslive.in ®

**FY-808**

**Reg. No. : ....................................**

**Name : ..........................................**

**IMPROVEMENT/SUPPLEMENTARY EXAMINATION, OCTOBER 2022**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. (രണ്ട് സ്കോർ വീതം) (4 × 2 = 8)**

1. 'ഓർമ്മയുടെ ഞരമ്പ്' ൽ ആവിഷ്കാര സ്വാതന്ത്ര്യനിഷേധത്തെ പരാമർശിക്കുന്ന രണ്ടു സൂചനകൾ എടുത്തെഴുതുക ?
   - വള്ളത്തോളിനു മുന്നിൽ കവിത വായിച്ച ഓർമ്മ.
   - അമ്മ കാണാതെ കഥ എഴുതേണ്ടി വന്ന അവസ്ഥ.
   - ഭർത്താവിനൊപ്പം ഡൽഹികാണാൻ പോയ സന്ദർഭം.
   - കള്ളപ്പേരിൽ കഥ എഴുതിയ അനുഭവം.

2. നാടൻ പ്രയോഗങ്ങളും ശൈലികളും 'കായലരികത്ത് ' എന്ന ചലച്ചിത്രഗാനത്തെ ജനപ്രിയമാക്കുന്ന ഘടകങ്ങളാണ്. ഈ പ്രസ്താവനയ്ക്ക് അനുയോജ്യമായ രണ്ട് ഉദാഹരണങ്ങൾ എടുത്തെഴുതുക ?
   - കരളിന്റെ ഉരുളിയിലെ എണ്ണകാച്ചൽ.
   - ബൈത്താക്കി ചൊല്ലുന്നേൻ
   - എരിയും വെയിലത്ത് കയിലും കുത്തി നടക്കുക.
   - കുങ്കുമത്തരിപുരണ്ട ചിദംബരസന്ധ്യകൾ.

Join Now: https://join.hsslive.in/group Downloaded from www.Hsslive.in ®

3. 'കൈപ്പാട്'എന്ന ആധാര ചിത്രം പങ്കുവയ്ക്കുന്ന രണ്ട് ആശയങ്ങൾ കണ്ടെത്തി എഴുതുക.
   - വ്യവസായശാലകളിലെ മലിനീകരണം.
   - ജീവജാലങ്ങളുടെ പാരസ്പര്യത്തിന്റെ പ്രാധാന്യം
   - പ്രകൃതി ഒരുക്കുന്ന കീടനിയന്ത്രണ സംവിധാനം.
   - വന നശീകരണത്തിന്റെ ചിത്രീകരണം.

4. 'ഇരുട്ടിലെ മനുഷ്യൻ' എന്ന കവിതയ്ക്കു ചേരുന്ന രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക.
   - കുടിയൊഴിപ്പിക്കപ്പെടുന്നതിന്റെ ദു: ഖം.
   - പ്രകൃതിയിൽ നിന്ന് അന്യനാക്കുന്ന മുഷ്യന്റെ വേദന
   - മനുഷ്യൻ പ്രകൃതിയിലേൽപ്പിക്കുന്ന ആഘാതങ്ങളുടെ വിവരണം
   - പ്രകൃതി സൗന്ദര്യത്തിന്റെ വർണ്ണന

5. 'മുഹ്‌യിദ്ദീൻ മാല' യുടെ രചയിതാവിനെ സംബന്ധിച്ച രണ്ടു സൂചനകൾ എഴുതുക ?
   - കോഴിക്കോട്ടത്തുറ തന്നിൽ പിറന്നോവർ.
   - ശൈഖ് അബ്ദുൽ കാദിർ കൈലാനി എന്നോവർ.
   - ഖാസിമുഹമ്മദ് , അതെന്നു പേരുള്ളോവർ
   - ശൈഖമാർക്കെല്ലാർക്കും ഖുത്തുബായി വന്നോവർ.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (രണ്ട് സ്കോർ വീതം) (3 × 2 = 6)**

6. 'സന്ദർശനം' എന്ന കവിതയിൽ തീവ്രവിഷാദത്തെ ആവിഷ്കരിക്കുന്ന പ്രയോഗങ്ങൾ കണ്ടെത്തിയെഴുതുക ?

7. "പിന്നിൽ
തന്നെക്കാൾ വേഗത്തിൽ
കടൽ
ദഹിച്ചു ദഹിച്ചു വരുന്നത്
അറിയാതെ" (മത്സ്യം)ഈ വരികളിൽ തെളിയുന്ന സൂചനയെന്താണ് ?

8. "അവനെ പ്രസവിച്ച അമ്മ ധന്യയാണ'. അവരെപ്പെറ്റ രാജ്യം അഭിമാന്യവും" (ലാത്തിയും വെടിയുണ്ടയും)സന്ദർഭം വ്യക്തമാക്കുക.

9. 'അൻപകന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും' (അനുകമ്പ) ഈ വരിയിൽ വ്യക്തമാകുന്ന ആശയമെന്താണ്.

Join Now: https://join.hsslive.in/group Downloaded from www.Hsslive.in ®

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (നാല് സ്കോർ വീതം) (5 × 4 = 20)**

10. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ'എന്ന പാഠഭാഗത്തിൽ വേരുകൾ പ്രധാന പ്രമേയമാകുന്നതിന്റെ പ്രസക്തി വ്യക്തമാക്കുക.

11. 'ബൈസിക്കിൾ തീവ്സി'ലെ പ്രധാന കഥാപാത്രമാണോ സൈക്കിൾ ? നിരീക്ഷണങ്ങൾ എഴുതുക.

12. 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രത്തിലെ അനിമേഷൻ ദൃശ്യങ്ങൾ സിനിമയ്ക്ക് എത്രമാത്രം യോജിക്കുന്നു ? സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.

13. അമ്മ കൃഷ്ണനു നൽകിയ രണ്ടു ചേലകൾക്കു പിന്നിലെ ഓർമ്മകളെ എപ്രകാരമാണ് ചെറുശ്ശേരി ആവിഷ്കരിച്ചിരിക്കുന്നത് ?

14. "ഏറിയ ദു: ഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടെപ്പോൽ ക്കാണുമോവേറെങ്ങാനും"(ഊഞ്ഞാലിൽ)ഈ വരികളിൽ സൂചിതമാകുന്ന ആശയമെന്താണ് ?

15. ജനനത്തിന്റെയും മരണത്തിന്റെയും ഇടയിലുള്ള അനർഘ നിമിഷമാണ് ജീവിതമെന്ന ആശയമണോ 'അനർഘനിമിഷ'മെന്ന രചനയിൽ പ്രതിഫലിക്കുന്നത് ?

16. 'ശസ്ത്രക്രിയ' എന്ന കഥയിൽ 'ഗർഭപാത്രം' പ്രതീകമായി മാറുന്നുണ്ടോ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

**17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.( ആറ് സ്കോർ വീതം) (5 × 6 = 30)**

17. ഓർമ്മകളുടെ സാന്ത്വനമാണ് വർത്തമാകാലത്തെ വേദനകളെ മറക്കാൻ സന്ദർശനത്തിലെ നായകനെ സഹായിക്കുന്നത്. പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

18. 'സ്വാതന്ത്ര്യം', 'സൗരഭ്യം' എന്നീ പദങ്ങൾ ഉച്ചരിക്കുമ്പോൾ വൃദ്ധയുടെ വയ്യൂ പല്ലു സെറ്റ് പുറത്തേക്കുന്തിവന്നു. ഈ പ്രസ്താവനയുടെ അർത്ഥസാധ്യതകൾ കഥാസന്ദർഭങ്ങളെ അപഗ്രഥിച്ച് കണ്ടെത്തുക.

19. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന് പാഠഭാഗത്തിലെ ചെമ്പൻ, കുമാരൻ, അരുണാചലം എന്നിവർക്ക് പ്രകൃതിയുമായുള്ള ബന്ധത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

Join Now: https://join.hsslive.in/group Downloaded from www.Hsslive.in ®

20. "കമ്പോളത്തിനുവേണ്ടി ഉല്പാദിപ്പിക്കപ്പെടുന്ന കേവല വിനോദ സിനിമകൾ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുള്ള പലായനമാണ്." ലേഖകന്റെ ഈ നിരീക്ഷണത്തോടുള്ള പ്രതികരണം രേഖപ്പെടുത്തുക.

21. "എത്രദുർബലയാണു താൻ! എത്രഹീനയാണ്" (ലാത്തിയും വെടിയുണ്ടയും)തങ്കം നായർ ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യമെന്ത് ? വ്യക്തമാക്കുക.

22. കവികൾ തിരഞ്ഞെടുക്കുന്ന പദങ്ങളുടെയും പ്രയോഗങ്ങളുടെയും അർത്ഥം നിർണ്ണയിക്കുന്നതിൽ കാലഘട്ടത്തിനുള്ള പങ്ക് 'കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ' എന്ന പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

23. 'സംക്രമണം' എന്ന കവിത മുന്നോട്ടു വയ്ക്കുന്ന സ്ത്രീജീവിത പ്രശ്നങ്ങൾ വർത്തമാനകാല സാഹചര്യത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (എട്ട് സ്കോർ വീതം) (2 × 8 = 16)**

24. ആത്മവിശ്വാസവും ഇച്ഛാശക്തിയും ഉപയോഗിച്ച് സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നവരാണോ ജോനാഥൻ എന്ന കടൽക്കാക്കയും മത്സ്യവും ? പാഠഭാഗങ്ങളെ ആസ്പദമാക്കി വിലയിരുത്തുക.

25. ജനപ്രിയ സിനിമകളുടെ പ്രതിപാദനരീതികളിൽ നിന്ന് 'ബൈസിക്കൾ തീഫ്സ്' എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു ? ചലചിത്ര നിരൂപണം തയ്യാറാക്കുക.

26. 'ഊഞ്ഞാലിൽ' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ജീവിതദർശനം ചർച്ചചെയ്യുക.

27. അമര്യാദാത്താവഴിയുടെ (തിന്മയുടെ)ഭാഗത്ത് നിലയുറപ്പിച്ച കഥാനായകന് സംഭവിക്കുന്ന ജീവിത പ്രതിസന്ധികളും മന: പരിവർത്തനവുമാണ് 'വാസനാവികൃതി'യുടെ പ്രമേയമെന്ന നിരീക്ഷണത്തെ വിശകലനം ചെയ്യുക.

---